MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : ഫീസ് ക്ലൃതൽ മേടിക്കുന്നുണ്ടെന്നുള്ളതിനെപ്പറ്റി അന്വേഷണം നട ത്താമോ?

DR. K. RAMAN TAMPI (*Inspecting Medical Officer*) : പരാതി ഉണ്ടെങ്കിൽ അന്വേഷണം നടത്താം.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : ഇതിൽ ഒരു വ്യവസ്ഥ ചെയ്യേണ്ടതു അത്യാവശ്യമാണെന്നു ബോധ്യപ്പെ ട്ടാൽ അങ്ങനെ ഒരു വ്യവസ്ഥ ചെയ്യാമോ?

DR. K. RAMAN TAMPI (*Inspecting Medical Officer*) : ക്ലൃതൽ അ ത്യാവശ്യമാണെന്നു കണ്ടാൽ അങ്ങിനെ ചെയ്യാം.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : എന്നാൽ പ്രമേയത്തെ ഞാൻ പിൻവലിക്കുന്നതിനു അനുവാദം ചോദി ച്ചു കൊള്ളുന്നു.

PRESIDENT : Does the House permit the resolution to be with-drawn?

The resolution was, by leave, with drawn.

RESOLUTION RE COMMUNAL REPRESENTATION IN PUBLIC SERVICE.

PRESIDENT : The House will now pass on to the next resolution which stands in the name of Mr. Kuriakose.

Advertisement of vacancies and communal representation in Public Service.

MR. A. C. KURIAKOSE: This Council recommends to the Government that in regard to the appointments to be made during the next five years in the various departments and grades of the Travancore Public Service, notification be published inviting applications for vacancies occurring in any department, that preference be given to the applicant belonging to the community that is least represented in the particular department on the basis of population, provided his examination qualifications are not inferior to those prescribed for the same appointment in the Travancore Service Regulations, and that the same policy be adopted in the case of appointments made from the service to the various grades.

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : സർ, എന്റെ പേരിലുള്ള അടുത്ത പ്രമേയത്തെ ഞാൻ ഈ സഭമുമ്പാകെ അവതരിപ്പി ച്ചുകൊള്ളുന്നു.

"തിരുവിതാംകൂർ പബ്ലിക്ക് സർവീസിലെ വിവിധ ഡിപ്പാർട്ട്മെ ന്റുകളിലേക്കും, ഗ്രേഡുകളിലേക്കും, അടുത്ത അഞ്ചുവർഷക്കാലത്തേക്കു നടത്തുന്ന നിയമനങ്ങളുടെ സംഗതിയിൽ ഏതെങ്കിലും ഡിപ്പാർട്ട്മെ ന്റിൽ ഒഴിവുണ്ടാകുമ്പോൾ ആ വിവരം പരസ്യപ്പെടുത്തി അപേക്ഷക ൾ ക്ഷണിക്കുകയും ടി ഡിപ്പാർട്ടുമെന്റിൽ ജനസംഖ്യാ കണക്കിനു ഏ റ്റവും കുറഞ്ഞ പ്രാതിനിധ്യമുള്ള വർഗ്ഗത്തിൽപ്പെട്ട അപേക്ഷകനു്, തി

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. C. Kuriakose]

തിരുവിതാംകൂർ സർവീസു ചട്ടങ്ങളിൽ ടി ഉദ്യോഗത്തിനു നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസയോഗ്യതയിൽ കുറവില്ലാത്ത പരീക്ഷാ യോഗ്യതയുണ്ടെങ്കിൽ പ്രസ്തുത അപേക്ഷകനു പ്രാഥമ്യം നൽകുകയും, ഓരോ ഗ്രേഡിലേക്കും സർവീസിൽ നിന്നു നിയമനം നടത്തുന്ന വിഷയത്തിലും ഈ നയം തന്നെ അനുസരിച്ചു പ്രവർത്തിക്കയും ചെയ്യണമെന്നു ഈ കൌൺസിൽ ഗവർണ്മെൻറിനോടു ശുപാർശചെയ്യുന്നു".

ഈ പ്രമേയം സഭമുമ്പാകെ അവതരിപ്പിക്കുമ്പോൾ അതിനെ ആസ്പദമാക്കി എൻറെ മാന്യസ്നേഹിതന്മാരും, ഗവണ്മെൻറു തന്നെയും ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളെ കൂടി ഇവിടെ പ്രത്യക്ഷപ്പെടുത്തേണമെന്നു ഞാൻ വിചാരിക്കുന്നു. തിരുവിതാംകൂർ രാജ്യത്തിൽ അധിവസിച്ചു പോരുന്ന വിവിധ ജാതിമതസ്ഥന്മാരായ ആളുകൾ രാജ്യത്തിലെ പൌരന്മാർ എന്ന നിലയിൽ സഹോദര ബുദ്ധിയോടു കൂടിയാണു് കഴിഞ്ഞു കൂടിയിരുന്നതു്. ഇതു് ഇപ്പോൾ ഇവിടെ ഇരിക്കുന്ന എല്ലാവർക്കും നല്ലതിന്മണ്ണം അറിയാവുന്ന ഒരു പരമാർത്ഥം മാത്രമാണു്. ഇപ്പോഴും പ്രത്യേകമായ ചില കാര്യങ്ങളിലൊഴികെ, പ്രാദേശികങ്ങളായ ആവശ്യങ്ങളെ പുരസ്കരിച്ചു പ്രവർത്തിച്ചു പോരുന്ന അവസരങ്ങളിലെല്ലാം ജനങ്ങൾ സമഭാവനയോടും സഹോദരബുദ്ധിയോടും കൂടിത്തന്നെ പ്രവർത്തിച്ചുപോരുന്നുണ്ടെന്നുള്ളതും നിഷ്പ്രയാസമായിട്ടുകാണാം. രാജ്യത്തു വിവിധനിലകളിൽ കൂടുതൽ പ്രാധാന്യം ഉണ്ടാകുന്നതിലേക്കും സർവ്വത്ര സ്വാതന്ത്ര്യത്തെ വർദ്ധിപ്പിക്കുന്നതിലേക്കും ഏറ്റവും ശക്തിയുക്തമായി പ്രവർത്തിക്കുന്നതിനു് ഒരിമ്പെട്ടിറങ്ങുന്ന അവസരങ്ങളിലും മറ്റാരോ അവസരങ്ങളിലുംകാണുന്ന സഹൃദയത്വം ഇടയ്ക്കിടെ ഭേദപ്പെട്ടും ചിലപ്പോൾ മനസ്സരത്വത്തിലും മറ്റുചിലപ്പോൾ വ്യക്തിദ്വേഷപരമായ ചിന്തകളുടെ സമ്മർദ്ദംകൊണ്ടു് ഈർഷ്യാകലുഷമായ സമ്മിശ്രതയിൽ രൂപാന്തരപ്പെട്ടും ശ്രേയസ്കരമല്ലാത്ത ഒരു നിലയിൽ കാണപ്പെടുന്നുവെന്നുള്ളതും എല്ലാവർക്കും ഇപ്പോൾ അറിയാവുന്നതാണു്. ഇതു് ഏതു മനഃസ്ഥിതിയെ അല്ലെങ്കിൽ എന്തിനെ ആസ്പദമാക്കി പ്രകടിപ്പിക്കുന്ന വികാരഭേദമാണു്. ഈ കാര്യം സമാധാനതല്പരരായി, രാജ്യക്ഷേമത്തിൽ താല്പര്യം പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നവരായി അറിയപ്പെടുന്ന എല്ലാവരും ആലോചിക്കേണ്ട ഒരു വിഷയമാണു്. ഭരണവിഷയങ്ങളിലുള്ള ബന്ധം തങ്ങൾക്കും ലഭിക്കണം അല്ലെങ്കിൽ അതു കുറവാണു് എന്നുള്ള ബോധം ഓരോരുത്തരുടേയും എന്നുപറഞ്ഞാൽ സമുദായങ്ങൾ ഓരോന്നിൻറേയും ഇടയിൽ ഉണ്ടാക്കുകയും അതു വർദ്ധിച്ചുവരികയും ചെയ്തിട്ട്

LIBRARY ARCHIVES Kerala Legislative Assembly

ണ്ട്. ഇതു ഗവണ്മെൻറുദ്യോഗവിഷയത്തെ സംബന്ധിച്ചുണ്ടായിട്ടുള്ള ഒരു നവീനബോധം മാത്രമാണ്. എന്നാൽ മറേറാരോ കാരണവശാലും ഗവമ്മെൻറിൻെറ നിയന്ത്രണാഭാവംകൊണ്ടും ഓരോരുത്തരും അവർക്കു വ്യക്തിപരമായുള്ള സ്വാധീനശക്തിയെ ഉപയോഗിച്ച്, യഥേഷ്ടം അവകാശങ്ങളേയും അധികാരങ്ങളേയും രക്ഷിച്ചു കൊണ്ടുപോകുന്നതിനു പരിശ്രമിക്കയും ചെയ്യും. അവരവർക്കു ലഭിക്കേണ്ട അവകാശങ്ങളെല്ലാം ലഭിച്ചിട്ടുണ്ടെന്നു തൃപ്തിപ്പെടാവുന്ന സാഹചര്യത്തിലും യാതൊരു മനോഭാവവ്യത്യാസവും കൂടാതെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജനങ്ങളെത്തന്നെയും പലപ്പോഴും ഹിതാനുസരണം കാര്യങ്ങൾ നടത്തുവാൻ കഴിയാതെവരുമ്പോൾ മനഃസ്ഥിതി ഭിന്നിച്ചു സരണിമാറി ചരിച്ചുപോകുന്നതിനുള്ള കാരണം എന്താണെന്നു് ആലോചിക്കേണ്ടതുതന്നെയാണ്.

ഒരു ക്ലർക്കു് അവകാശത്തിൽ കവിഞ്ഞും സ്ഥാനമുണ്ടായിരിക്കുമ്പോൾ മറുള്ളവർക്കു ലഭിക്കാനുള്ളതു ലഭിക്കുന്നതിനു കാലതാമസം നേരിടുന്നു. ഇങ്ങനെ കഴിയുന്ന കാലത്തോളംതന്നെ രാജ്യത്തിൽ ഏതെങ്കിലുംതരത്തിൽ മത്സരം ഉണ്ടായിക്കൊണ്ടിരിക്കുമെന്നുള്ളതു തീർച്ചയാണ്. ഈ അവസ്ഥയെ ഇനിയും പരിരക്ഷിക്കുന്നതുകൊണ്ടുള്ള പ്രയോജനം എന്താണു് എന്നു ചിന്തിക്കേണ്ടതിനു് ഒരു സന്ദർഭവുമാണു് ഇതു്. ഈ വിഷയത്തെ അനുസ്യൂതമാക്കി ഈ കൌൺസിലിലും ജനപ്രതിനിധികസഭയിലുമായി വന്നുകൊണ്ടിരിക്കുന്ന പ്രജാസഭയിൽത്തന്നേയും അനേകംപ്രാവശ്യം അനേകതരത്തിൽ വർഗ്ഗീയമായ പ്രാതിനിധ്യം സ്ഥാപിക്കേണ്ട ആവശ്യം, രാജ്യശ്രേയസ്സിനും ജനസമാധാനത്തിനും എത്രയും ആവശ്യമായിരിക്കുന്നുണ്ടെന്നു സമുദായനേതാക്കന്മാരായ അനേകം ചിന്തകന്മാർ, പറഞ്ഞും, കേട്ടും, ചിന്തിച്ചുംകൊണ്ടിരിക്കാറുണ്ട്. അങ്ങിനേയുള്ള ഒരു വിഷയമായതുകൊണ്ടു് ഈ തത്വം സ്ഥാപിക്കാതെയിരുന്നാലുണ്ടാകാമെന്നുള്ള ദോഷങ്ങളേപ്പറ്റി മാത്രമേ ഞാൻ ഇവിടെ പറയാനുദ്ദേശിക്കുന്നുള്ളൂ.

൪൦ ലക്ഷം എന്നുള്ളതു് ഇപ്പോൾ ൪൫ ലക്ഷത്തോളം വരുന്ന ഒരു ജനശേഖരമായി നാട്ടിലെ ജനസംഖ്യ വർദ്ധിച്ചിട്ടുണ്ടു്. വർദ്ധമാനമായ ഈ ജനശേഖരത്തിനു പൌരാവകാശസാദ്ധ്യത്തിനായി നിവേദനങ്ങളും വാദങ്ങളുമായി സമയവ്യയം ചെയ്യേണ്ടിവരുന്നതു വളരെ കുണ്ഠിതത്തെ ഉണ്ടാക്കുന്ന ഒരു അവസ്ഥയാണു്. തിരുവിതാംകൂറിലെ ജനതതിയുടെ ഒരു ഭാഗം ഒരു കാലത്തു വിദ്യാഭ്യാസവിഷയത്തിൽമാത്രം ശ്രദ്ധിച്ചു പ്രവർത്തിച്ചുകൊണ്ടിരുന്നു. അക്കാലത്തു് ആ ജനസമുദായത്തിലെ ഇതരഭാഗം ഭിന്നവർഗ്ഗക്കാർ എന്നനിലയിൽ ദേശപ്രകൃതിയെ ആശ്രയിച്ചു

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. C. Kuriakose.]

ച്ചു തൊഴിൽപരമായി പ്രവർത്തിച്ചുകൊണ്ടിരുന്നു. അന്നു ഗവണ്മെൻറു ദ്യോഗസ്ഥന്മാർ വിദ്യാഭ്യാസത്തിൽ ഉയർന്നവരായിരുന്നതുകൊണ്ടു്, അവർതന്നേ രാജ്യഭരണകൃത്യങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരുന്നപ്പോൾ അതിൽ സങ്കടമില്ലായിരുന്നു. അന്നു സമഭാവനയ്ക്കും വലിയ ഭേദമൊന്നും വന്നിരുന്നില്ല. രാജ്യത്തിൽ ഒട്ടാകെ വിദ്യാഭ്യാസാഭിരുചിയും തന്നിമിത്തം ജനസാമാന്യത്തിന്റെ ഇടയിൽ കാലാനുസരണമായ വിദ്യാഭ്യാസവും വർദ്ധിച്ചുകൊണ്ടിരുന്നു. ക്രമേണ ഉദ്യോഗസ്ഥന്മാർ അവരവർ അവരവരുടെ ജോലിനിർവ്വഹണത്തിൽ സ്വാർത്ഥത പ്രത്യക്ഷപ്പെടുത്തിത്തുടങ്ങി. അപ്പോൾ മറുള്ളവർക്കു അവകാശമുള്ളതു നഷ്ടപ്പെടുന്നില്ല എന്നായി. തങ്ങൾക്കും രാജ്യകാര്യങ്ങളിൽ പങ്കുകൊള്ളാൻ അവകാശമുണ്ടെന്നുള്ള ഒരു ബോധം മറുള്ളവരുടെ ഇടയിൽ ഉണ്ടായി വർദ്ധിച്ചുവന്നു. ആളുകൾ ഈ സ്ഥിതിയിൽ മുന്നോട്ടു വന്നുതുടങ്ങിയപ്പോൾ ആളുമാദ്യം പറിച്ചുവന്നവർക്കു ഭരണസംബന്ധമായ അവകാശങ്ങൾ മുഴുവനും കുത്തകയായിട്ടു ലഭിച്ചിരിക്കുന്നു എന്നും മറുള്ളവർക്കു് അർഹമായതു കൊടുക്കുവാൻ വിപ്രതിപത്തി പ്രദർശിപ്പിച്ചുവരുന്നുവെന്നും ബോധപ്പെട്ടു. ഇങ്ങനെ ലഭിച്ചിട്ടുള്ളതായ അവകാശത്തെ സംരക്ഷിച്ചുകൊണ്ടുപോകണം. ഇതു ജന്മസിദ്ധമായ ഒരു അവകാശമാണെന്നു വിചാരിച്ചും അതിനെ സംരക്ഷിക്കാനെന്നഭാവിച്ചും ഒരുകൂട്ടർ നിർബന്ധംപിടിച്ചു് കാലംകഴിച്ചുപോരുന്നുണ്ടു്. ഇതു മനുഷ്യസ്വാഭാവികതയ്ക്കപ്പുറമായിട്ടുള്ള ഒരു ദോഷാംശമില്ലെന്നും കേവലം സ്വാഭാവികം മാത്രമാണെന്നും നിസ്സംശയം പറയാം. എന്നാൽ സഹോദരബുദ്ധിയോടുകൂടി ആലോചിക്കുമ്പോൾ, ദീർഘകാലത്തേക്കു രാജ്യത്തിന്റെ ക്ഷേമത്തിനായി വ്യവസായപരമായും കൃഷിവിഷയകമായും പ്രവർത്തിച്ചുകൊണ്ടുവന്നിരുന്ന ആളുകളുടെമേൽ നികുതിചുമത്തി അവരെ ഭരിക്കാനും രാജ്യക്ഷേമത്തെ അന്വേഷിക്കാനുമായി അവരിൽനിന്നു ലഭിക്കുന്ന ആദായത്തിൽനിന്നുതന്നെ ശമ്പളംവാങ്ങി അനുഭവിച്ചുകൊണ്ടിരിക്കുന്ന ആളുകൾ കഠിനഹൃദയരായി, പ്രജാനിയന്ത്രണവിഷയത്തിൽ ഏതേതുവിധം ചൂഷണംചെയ്തുകൊണ്ടുപോരുന്നു എന്നുള്ളതും മറുള്ളവർക്കും നന്നായിട്ടു ബോധ്യപ്പെട്ടുകഴിഞ്ഞിട്ടുണ്ടു് എന്നുകാണാം. ഇങ്ങനെയുള്ള ഭരണഭാരനിർവ്വാഹകന്മാരുടെ കൂട്ടത്തിൽ തങ്ങൾക്കു കൂടിസ്ഥാനങ്ങൾ ലഭിക്കാതേയിരുന്നാലുണ്ടാകാമെന്നുള്ള ദോഷത്തേപ്പറ്റി ആ തരം ജനങ്ങൾ അറിഞ്ഞുകഴിഞ്ഞപ്പോൾ അവർക്കും ഈ അവകാശങ്ങൾ കിട്ടുന്നതിനു മുന്നോട്ടു വന്നുതുടങ്ങി. ആ

LIBRARY ARCHIVES Kerala Legislative Assembly

അവസരത്തിൽ മറ്റുള്ളവർ ഓരോതരത്തിലുള്ള പ്രതിബന്ധങ്ങൾ ഉണ്ടാക്കിയും മറ്റും കാര്യങ്ങൾ അമാന്തത്തിലാക്കിക്കൊണ്ടു പോരുന്നു.

പൊതുമുതൽകൊണ്ടു സംരക്ഷിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും പ്രവേശിക്കുന്നതിന് എല്ലാ ജാതിമതസ്ഥന്മാരും ഒരുപോലെ അർഹന്മാരാണ് എന്നുള്ള തത്വം ഇവിടെ ഇതിനകം സ്ഥാപിച്ചുകഴിഞ്ഞു. അങ്ങിനെയുള്ള മനഃസ്ഥിതിയോടുകൂടിയിരിക്കുന്ന തിരുവിതാംകൂറിലെ ജനങ്ങളുടെ പൊതുമുതലിൽ വലിയ ഒരു അംശം പ്രതിവർഷം ശമ്പളമായി പൊയ്ക്കൊണ്ടിരിക്കുന്നുണ്ട്. അതിലും ന്യായമായ ഒരു ഭാഗത്തിനുള്ള അവകാശങ്ങൾ മറ്റുള്ളവർക്കും ലഭിക്കേണ്ടതാണ്. എന്നാണ് ഈ വാദത്തിന്റെ പ്രബലമായ ഒരുദ്ദേശം എന്നു പറയാം. ദീർഘകാലമായി തങ്ങളെ ഭരിച്ചുകൊണ്ടിരിക്കുന്ന സ്ഥാനങ്ങളിൽ തങ്ങൾക്കുകൂടി സ്ഥാനം കിട്ടണം അതിലേയ്ക്കും അർഹന്മാരും യോഗ്യന്മാരുമായ ആളുകൾ തങ്ങളുടെയിടയിൽ ഉണ്ട് എന്നു പറഞ്ഞുകൊണ്ട്, അവകാശം നൽകപ്പെട്ടിട്ടില്ലാത്ത സമുദായങ്ങൾ മുമ്പോട്ടുവരുമ്പോൾ ചുമതല ബോധമുള്ള ആളുകൾ അതിൽ ശ്രദ്ധചെലുത്തിക്കൊണ്ടിരുന്നാൽ രാജ്യക്ഷേമവും സമാധാനവും എങ്ങിനെയുണ്ടാകുമെന്ന് ഇവിടെ ഞാൻ വിനീതമായി ഒന്നുചോദിച്ചുകൊള്ളട്ടേ.

മുമ്പ് വിദ്യാഭ്യാസയോഗ്യതയില്ലായിരുന്നു, അന്നു മറ്റുള്ളവർ ഉദ്യോഗങ്ങൾ കരസ്ഥമാക്കി ഭരിച്ചുകൊണ്ടിരുന്നു. എന്നാൽ അന്ന് അസമത്വ സമുദായങ്ങൾ അസന്തുഷ്ടി പ്രദർശിപ്പിച്ചില്ലാ ഇന്ന് അവരുടെ സ്ഥിതി അതല്ലാ. അവർക്ക് അർഹതയും യോഗ്യതയും ഉണ്ട്. അവർക്ക് അവകാശമുള്ളതു കിട്ടണം. അതിനേ ആരും പ്രതിബന്ധിക്കരുത്. ഇതാണ് അസമത്വപരിഹാരത്തിനായുള്ള അപേക്ഷയുടെ ഗണനീയമായവശം. പഴയ ഒരു കാലഘട്ടത്തേ സംബന്ധിച്ചിടത്തോളം എന്റെ ഈ പ്രമേയത്തിന്റെ ഉദ്ദേശം വളരെ അധികമായി ഒന്നും പരാമർശിക്കുന്നില്ലാ. ഭാവികാല ചിന്തയിലാണ് ഈ അവസരത്തേ നാം വിനിയോഗിക്കേണ്ടതു്. കഴിഞ്ഞതു് കഴിഞ്ഞുപോയി. പൊയ്ക്കോള്ളട്ടേ.

തിരുവിതാംകൂറിൽ ഇപ്പോൾ ഉദ്യോഗസംബന്ധമായി ഓരോരുത്തക്കുമുള്ള സ്ഥാനം എന്താണെന്നുള്ളതു് ഈ കൌൺസിലിൽ പ്രതിവർഷം കൊടുക്കാറുള്ള പലേ പട്ടികകളിൽനിന്നുതന്നേ സ്പഷ്ടമായിട്ടറിയാം. റവന്യൂ ഡിപ്പാർട്ടുമെൻറ് ദേവസ്വം ഡിപ്പാർട്ടുമെൻറിനോടു് സംബന്ധപ്പെട്ടിരുന്നകാലത്തു് മറ്റു പലക്കും റവന്യൂ ഡിപ്പാർട്ടുമെൻറിലേക്കുള്ള പ്രവേശനത്തിന് തടസ്ഥമുണ്ടായിരുന്നു. ആ പ്രതിബന്ധം മാറി ദേവ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. C. Kuriakose.]

സ്പം ഒരു പ്രത്യേകഡിപ്പാർട്ടുമെൻറാക്കിത്തീർത്തിട്ടുണ്ട്. ഈ പ്രതിബന്ധം നീക്കപ്പെട്ടിട്ടും ഇപ്പോഴും അഹ്തയുള്ള ആളുകൾക്ക് വേണ്ടത്തോളം ഉദ്യോഗം കിട്ടാതെയിരിക്കുന്നതിനു കാരണമെന്താണു്. ഇതു് പ്രബലമായ ഒരു ചിന്താവിഷയമാണു്. എന്തെന്നാൽ ഉദ്യോഗം കിട്ടാതെയിരിക്കുന്നവർ വളരെ ഹൃദയവേദനയോടുകൂടിയാണു് ഇരിക്കുന്നതു്. എന്നാൽ അഹ്തക്കനുസരിച്ചു കാലക്രമേണ അവക്കും പ്രവേശനം ഉണ്ടാകുമെന്നുള്ള ഒരു മനോഭാവത്തെ പ്രദർശിപ്പിച്ചുകൊണ്ടു് അധികൃതന്മാർ ഇരിക്കുന്നതേയുള്ളൂ. നിയമനം മുറയ്ക്കു നടക്കുന്നുണ്ടു്. അസമത്വപരിഹാരം മാത്രം ഉണ്ടാകുന്നില്ലാ.

ഗവണ്മെൻറുദ്യോഗത്തെ സംബന്ധിച്ചിടത്തോളം അവകാശമുള്ള സ്ഥാനങ്ങളിൽ ഓരോരുത്തക്കും ന്യായമായ അവകാശം കിട്ടണം എന്നു പറകയല്ലാതെ ഉദ്യോഗസംബന്ധമായ അവകാശം എനിക്കു വേണമെന്നോ എന്നെ സംബന്ധിച്ചവക്കു വേണമെന്നോ ഉള്ള അഭിപ്രായമല്ലാ ഇവിടെ കൊണ്ടുവരുന്നതു്. ആക്കൊക്കെ അവകാശമുണ്ടോ അവക്കൊക്കെ കൊടുക്കുകയും വേണം. ഇങ്ങനെ അവകാശം ലഭിക്കുവാനുള്ള സമുദായങ്ങൾ രാജ്യത്തിൽ പലതുമുണ്ടു്. കത്തോലിക്കു സമുദായം ഉദ്യോഗസംബന്ധമായ അസമത്വം വളരെ അധികം അനുഭവിക്കുന്നുണ്ടു്. കഴിഞ്ഞ കൗൺസിലിൽ പ്രതിനിധികം ആവശ്യപ്പെട്ടിട്ടു ഗവണ്മെൻറു കൊടുത്ത പട്ടികകളും ഇന്നുതന്നെ കൊടുത്തിട്ടുള്ള പാവ്വുകാരന്മാരുടെ ജാതിതിരിച്ചുള്ള പട്ടികയും ഇതിലേക്കു ദൃഷ്ടാന്തങ്ങളാണു്.

MR. R. RAMAN PILLAI (*Kottayam*): ഈഴവസമുദായത്തിൽപ്പെട്ടവക്കും ഉദ്യോഗസംബന്ധമായ അസമത്വമുണ്ടെന്നു മെംബർ വിചാരിക്കുന്നുണ്ടോ?

MR. A. C. KURIAKOSE (*Minachil cum Devicolam*): എൻെറ പ്രസംഗം തീരുന്നതുവരെ ക്ഷമിച്ചു കേട്ടു് ഒടുവിൽ വിശദമാകാത്ത ചോദ്യങ്ങൾ ചോദിച്ചാൽ സമാധാനം പറയാം.

എൻെറ സമുദായത്തെപ്പറ്റി എനിക്കു കൂടുതൽ അറിയാവുന്നതുകൊണ്ടു ഞാൻ അതു പറഞ്ഞു എന്നല്ലാതെ അതുപോലെയുള്ള മറ്റു സമുദായങ്ങളും ഉണ്ടെന്നുള്ള കഥ ഞാൻ വിസ്മരിക്കയോ വിട്ടുകളകയോ ചെയ്തിട്ടില്ലെന്നും അങ്ങിനെ ചെയ്യാൻ വിചാരിക്കുന്നില്ല എന്നും ശ്രദ്ധിച്ചു കേൾക്കുന്നതായാൽ മനസ്സിലാക്കാൻ പ്രയാസമില്ല. ഒരുവിധത്തിൽ നോക്കുമ്പോൾ ഈഴവസമുദായം, മഹമ്മദീയസമുദായം, മറ്റനേകം സ

LIBRARY ARCHIVES Kerala Legislative Assembly

മുദായങ്ങൾ, ഇവയ്ക്കുള്ള സ്ഥാനമെന്ത്? വെള്ളാളക്ക് മുമ്പു സ്വീസിലുണ്ടായിരുന്ന സ്ഥാനം ഇന്നുണ്ടോ? ഈഴവക്ക് കിട്ടണമെന്നു പറഞ്ഞതൊക്കെയൊ, അവകാശമുള്ളതൊക്കെയൊ, കൊടുത്തുകഴിഞ്ഞിട്ടുണ്ടോ? ഈവക ആലോചനകൾക്കും ഇതിൽ സ്ഥാനമുണ്ട്.

MR. P. S. MAHOMED (*Nominated*): മഹമ്മദീയക്ക് എല്ലാം കിട്ടിക്കഴിഞ്ഞുവൊ?

MR. A. C. KURIAKOSE (*Minachil cum Devicolam*): ചില സ്ഥാനങ്ങളിൽ മഹമ്മദീയർക്കുകിട്ടിയിട്ടും ഉണ്ടായിരിക്കും. ചോദ്യങ്ങളെല്ലാം ഒടുവിൽചോദിക്കാൻ അപേക്ഷ.

ഇങ്ങനെ കത്തോലിക്കർ, മഹമ്മദീയർ, ഈഴവർ ഇവരുടെ കാര്യം ഓരോരുത്തർ പറയുമ്പോൾ ഇവരേക്കാൾ പ്രാധാന്യം കുറഞ്ഞ പുലയർ, പറയർ മുതലായവരുടെകാര്യം എന്താണ് പറയാത്തതു് എന്നു് ആരെങ്കിലും ചോദിക്കുകയാണെങ്കിൽ മറുപടിക്കുപ്രയാസമാണു്. ഇന്നു കത്തോലിക്കക്കുവേണ്ടി ഞാൻ ഗവണ്മെൻറിനോടു് അല്ലെങ്കിൽ ഈ കൌൺസിലിനോടു് പറയുന്നതു് കത്തോലിക്കക്കു ന്യായമായ അവകാശം കൊടുക്കണമെന്ന മാത്രമാണു് എന്നിരിക്കട്ടേ, എന്നാൽ കത്തോലിക്കന്റെ അപേക്ഷയുള്ളപ്പോൾ ആ സ്ഥാനത്തു, യോഗ്യതയുള്ള ഒരു പുലയൻ അപേക്ഷനായിവന്നു് അവകാശം ചോദിക്കുകയാണെങ്കിൽ അവനു് പ്രാഥമ്യം നൽകരുതു് എന്നു് ഞാൻ പറയുന്നില്ല. നേരേമറിച്ചു് ആക്കു് അധികം അസമത്വമുണ്ടോ അവക്കു പ്രാഥമ്യം നൽകേണമെന്നാണു് എന്റെ അഭിലാഷവും അഭിപ്രായവും.

"ഞങ്ങളുടെ സമുദായം ഇതേവരെ അസമത്വം അനുഭവിച്ചുവന്നിരുന്നു. ഇപ്പോൾ ഭരണകാര്യങ്ങളിൽ പങ്കുകൊള്ളുന്നതിനു് ശേഷിയും യോഗ്യതയുമുള്ളവർ സമുദായത്തിൽ സുലഭമായി ഉണ്ടു്. ഞങ്ങൾക്കു് അർഹമായതു് തരണം" എന്നാവശ്യപ്പെടുമ്പോൾ, അർഹതനോക്കി ഏറ്റവും കുറവായി ഉദ്യോഗം ലഭിച്ചിട്ടുള്ള സമുദായത്തിലെ അപേക്ഷകനു് ഒന്നാമതു സ്ഥാനം നൽകേണമെന്നുള്ളതിൽ ആക്ഷേപം പക്ഷാന്തരത്തിനവകാശമില്ലാത്തതാണു്. വളരെക്കാലം അസമത്വം അനുഭവിച്ചതിനുശേഷമാണു് കത്തോലിക്കർ തുടങ്ങിയുള്ളവർ ഇങ്ങനെ വാദിക്കുന്നതു്. ഇങ്ങനെ ഒരു വാദത്തിനിടയാക്കാതെ കഴിക്കാമായിരുന്നു. പക്ഷേ നിയമനാധികാരികളുടെ മനോഭാവ വൈപരീത്യം ഇതിനിടയാക്കിത്തീർത്തിട്ടുള്ളതാണു്. പുലയർ മുതലായവർ ഉയർന്തരം ഉദ്യോഗങ്ങൾ വഹിപ്പാൻ പഠിപ്പുള്ളവരല്ലാ. അവക്കു പഠിപ്പുണ്ടാകുന്നതുവരേ ആ തരം ഉദ്യോ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. C. Kuriakose.]

ഗങ്ങാം കൊടുക്കേണമെന്നു് ആരും ആവശ്യപ്പെടുകയുമില്ലാ. ഇനിയും ഒരു ഇരുപതുവർഷത്തിനകം പുലയരുടെ സ്ഥിതി എത്രയോ നന്നാകാൻ ഇടയുണ്ടു്. അപ്പോഴാം ഒരു പുലയനും വന്നു ചോദിക്കുകയാണെങ്കിൽ മറ്റുള്ളവരേ അപേക്ഷിച്ചു് പ്രാഥമ്യം ആ പുലയനു് നൽകുകയാണു് വേണ്ടതു്.

ഇപ്പോഴിരിക്കുന്നവരെല്ലാം ഇതേനിലയിൽ നിയമനം നടത്തിക്കൊണ്ടിരുന്നുകൊള്ളട്ടേ, മേലാൽ ഉണ്ടാകുന്ന ഒഴിവുകളിൽ ന്യൂനതക്രമാതെ നിയമനങ്ങാം നടത്തുന്നകാര്യം നോക്കിക്കൊള്ളാം, എന്നു വയ്ക്കുന്നതിൽ പലേ അബദ്ധങ്ങളും ഉണ്ടു്. മെഡിക്കൽ ഡിപ്പാർട്ടുമെന്റിനെപറ്റി പറഞ്ഞപ്പോഴാം ഇന്നു് ഇവിടെ പ്രസ്താവിച്ചതുപോലെ തന്നെ മറ്റനേകം ഡിപ്പാർട്ടുമെന്റുകളിലും ചില നിറംപിഴച്ച ആളുകളാം ഉണ്ടു്. അങ്ങനേയുള്ള അനേകം ഉദ്യോഗസ്ഥന്മാരെ എനിക്കുതന്നേ അറിയാം. അവർ അവരുടെ താഴെ അവരോടു പ്രത്യേകം ബന്ധമുള്ള ആളുകളെ മാത്രമേ നിയമിക്കുകയുള്ളു. ഒരു ഒഴിവുണ്ടാകുമ്പോഴാം അവരുടെ ബന്ധുക്കാക്കു് പ്രത്യേകം അറിയാം. മറ്റുള്ളവക്കു് അറിവുകിട്ടുവാൻ യാതൊരു മാർഗ്ഗവുമില്ലാ. വല്ലതരത്തിലും അറിവുകിട്ടി അപേക്ഷയുമായി ചെല്ലുമ്പോഴാം ഉദ്യോഗനിയമനം കഴിഞ്ഞിരിക്കും. അതിനാൽ ഇങ്ങനേയുള്ള ഒഴിവുകളാം ഉണ്ടാകുമ്പോഴാം പ്രത്യേകമായി പരസ്യം ചെയ്തു് അപേക്ഷന്മാരെ ക്ഷണിക്കണം. അസമതലം അനുഭവിക്കുന്നവരും അർഹന്മാരുമായ ആളുകളെ തിരഞ്ഞെടുത്തു് നിയമിക്കയും വേണം.

തുല്യനിലയിൽ പരീക്ഷായോഗ്യതയുള്ള ഒരു പുലയനും, ഒരു കത്തോലിക്കനും ഒരു ഉദ്യോഗത്തിനു് അപേക്ഷകന്മാരായി വരുമ്പോഴാം പുലയന്റെ അവകാശം പരിഗണിച്ചുകഴിഞ്ഞിട്ടു് കത്തോലിക്കനു് അവകാശം നൽകിയാൽമതി. അതുപോലെതന്നെ ഒരു മഹമ്മദീയനും ഒരു കത്തോലിക്കനും അപേക്ഷകന്മാരായി വരുമ്പോഴാം, കത്തോലിക്കർക്കു കൂടുതൽ പ്രാതിനിദ്ധ്യം ആ വകുപ്പിൽ ഉണ്ടെന്നു് കാണുകയാണെങ്കിൽ കത്തോലിക്കനേ നിർത്തിയിട്ടു മറ്റേ അപേക്ഷകനു് ഉദ്യോഗം കൊടുക്കുക. ഞങ്ങാംക്കു് അതിൽ തർക്കമോ സങ്കടമോ ഇല്ലാ.

൪൪ ലക്ഷം ജനങ്ങളുടെ ക്ഷേമൈശ്വര്യങ്ങളെ കാംക്ഷിക്കുന്ന ഗവണ്മെൻറു്, ഈ ക്ഷേമൈശ്വര്യങ്ങളെ മുൻനിർത്തി പ്രവർത്തിച്ചുപോരുമ്പോഴാം, വ്യവസ്ഥകളെ ലംഘിച്ചും പ്രത്യേകതരത്തിലുള്ള ഒരു മനസ്ഥി

LIBRARY ARCHIVES Kerala Legislative Assembly

തിയോടുകൂടിയും ഇരിക്കുന്നവരെന്നു കാണപ്പെടുന്ന ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തികളെപ്പറ്റി കൂടുതൽ ശ്രദ്ധ പതിക്കേണമെന്നുള്ളതു് മുഖ്യമായ ഒരു കാര്യമാണു്.

ഇപ്പോഴത്തെ ഉദ്യോഗസ്ഥന്മാരിൽ പലരും സ്വന്ത ആളുകളെ ആക്ടിംഗായി നിയമിച്ചു് അവകാശം നൽകിവച്ചുകൊണ്ടു് സ്ഥിരം ഒഴിവുകൾ വരുമ്പോൾ ഈ ആക്ടിംഗ് അവകാശത്തെത്തന്നെ പ്രഥമാവകാശമായി ഗണിച്ചു് അവർക്കു സ്ഥിരമായി ഉദ്യോഗങ്ങൾ നൽകുന്നുണ്ടു്. വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽ ആക്ടിംഗ്കാരെയെല്ലാം നിയമിച്ചശേഷമേ മറുള്ളവർക്കു പ്രവേശനം നൽകാൻ തരമുള്ളൂ എന്നു് ഇന്നു് ഇവിടെവച്ചു് ഒരു ചോദ്യത്തിനു് മറുപടി പറയുകയുണ്ടായി. ഇതുപോലെ ഓരോ ഡിപ്പാർട്ടുമെൻറിലും ആക്ടിംഗുകാർ സുലഭമായിട്ടുകാണും. ആ സ്ഥിതിക്കു് ഇനിയും ഒരു പന്ത്രണ്ടു കൊല്ലത്തേക്കു് ആവക ഡിപ്പാർട്ടുമെൻറുകളിൽ ഇതരന്മാർക്കു പ്രവേശനത്തിനു് അവകാശമേ ഉണ്ടാകുകയില്ലെന്നാണു് എൻറെ അഭിപ്രായം. ആക്ടിംഗുപണി പിന്നേയും തുടരുകയും ചെയ്യുമല്ലോ അതുകൊണ്ടു് ആക്ടിംഗു് അവകാശത്തിനു് ഇങ്ങനെ പ്രാമുഖ്യം കൊടുത്തുകഴിഞ്ഞാൽ, അസമത്വം അനുഭവിക്കുന്നതിൽ സങ്കടക്കാരായ മറുള്ളവരുടെ സ്ഥിതി എന്തു്? വർഗ്ഗീയ മനഃസ്ഥിതിയോടുകൂടിയിരിക്കുന്ന ഉദ്യോഗസ്ഥന്മാർക്കു തൻറെ കീഴിലുള്ളവരേക്കൊണ്ടു് ഒന്നോ രണ്ടോ മാസത്തെ അവധിയെടുപ്പിച്ചു് തൻറെ സ്വന്തമാളുകൾക്കു് ആ സ്ഥാനത്തു് ഒരു ആക്ടിംഗുജോലി കൊടുത്തു് ആക്ടിംഗ് അവകാശം സ്ഥിരജോലിക്കുള്ള സോപാനമായി സ്ഥാപിച്ചു് ഉദ്യോഗം സമ്പാദിച്ചുകൊടുക്കുന്നതിനു് നിഷ്പ്രയാസമായിക്കഴിയും. അപ്പോൾ ഈ അവകാശവാദവും നടത്തിക്കൊണ്ടുപോകുന്നവർക്കു് അടുത്തകാലത്തെങ്ങും ഒന്നും കിട്ടുകയില്ലാ. ഈ നയം തുടർന്നാൽ ഒരുകാലത്തും അസമത്വം പരിഹരിക്കപ്പെടുകയുമില്ലാ. ഈ നിലയിൽ അന്യായമായി അസമത്വം ചില സമുദായങ്ങൾ അനുഭവിക്കുന്നുണ്ടെന്നും അതു് അപരിഹാര്യമായിതീർന്നിരിക്കുന്നു എന്നും ഗവൺമെൻറിനേ അറിയിക്കുന്നതിനും, എൻറെ മാന്യസ്നേഹിതന്മാരെ ബോദ്ധ്യപ്പെടുത്തുന്നതിനും ഒരു പരിഹാരം നിർദ്ദേശിക്കുന്നതിനുമാണു് ഞാൻ ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളതു്.

രാജ്യത്തിലെ മുതലെടുപ്പിൽ മൂന്നിലൊന്നുഭാഗം ശമ്പളമായി പററി ഉദ്യോഗസ്ഥന്മാർ ഭരണകാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കയാണു്. ഈ പൊതുമുതലിനു് ന്യായമായ അവകാശികളാണു് രാജ്യവാസികളായ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. C. Kuriakose.]

പൌരന്മാർ എല്ലാവരും എന്ന സകലരും സമ്മതിക്കുന്നു. പക്ഷേ അനുഭവത്തിൽ വ്യത്യാസമായിട്ടാണ് കാണുന്നതു്. അതിൽ ന്യായമായ ഒരു അവകാശം അതിനു പ്രാപ്തിയുള്ളവർ വരുമ്പോൾ ലഭിക്കുന്നതിനു് പ്രത്യേകം ഒരു വഴി കണ്ടുപിടിക്കണമെന്നുള്ളതു് അപേക്ഷിതമാണു്. അതിലേക്കു് ഈ പ്രമേയം കുറച്ചെങ്കിലും സാഹായകമായി തീരാതെ ഇരിക്കയില്ലാ എന്നു ഞാൻ കരുതുന്നു.

കുറേക്കാലത്തേക്കു് ഒരു പ്രമാണപ്രകാരം അസമത്വപരിഹാരത്തേ മുൻനിർത്തി നിയമനം നടത്തുന്നതു കൊണ്ടു് എല്ലാ വർഗ്ഗക്കാരുടേയും അവകാശം ഏറെക്കുറെ നഷ്ടമായി എന്നു വരാം. ഒരു പ്രമാണത്തേ അവലംബിച്ചുള്ള നിയമനമാകുമ്പോൾ പരാതിക്കോ പരിഭ്രമങ്ങൾക്കോ ഇടയുമില്ലല്ലോ. ഇങ്ങനെ പ്രവർത്തിക്കുന്നപക്ഷം രാജ്യത്തു് സാഹോദര്യം വർദ്ധിക്കുന്നതിനും, സഹൃദയത്വത്തോടെ പെരുമാറി പോരുവാനും സമാധാന സംതൃപ്തികളെ പുലർത്തിക്കൊണ്ടു പോകുന്നതിനും സാധിക്കും.

ഇപ്പോൾ കൊടുത്തിട്ടുള്ള സ്ഥാനം മുഴുവനും എടുത്തു കളയണമെന്നു് ഞാൻ പറയുന്നില്ല. ഇപ്പോൾ അനുവർത്തിച്ചു വരുന്ന നയം തുടർന്നു കൊണ്ടുപോകുന്നപക്ഷം ഗവണ്മെൻറു് അതിനേ പ്രതിരോധിക്കണം. ഈ പ്രമേയത്തിൽ 8 വർഷം എന്നൊരു കാലസംഖ്യ നിശ്ചയിച്ചിട്ടുണ്ടു്. അതിന്റേ ഉദ്ദേശം ഞാൻ വിശദപ്പെടുത്താം. 8 വർഷക്കാലത്തേക്കുണ്ടാകുന്ന ഒഴിവുകളിൽ കുറെ അധികം അപേക്ഷകന്മാരായി ഉണ്ടായിരിക്കുമല്ലോ. അവരിൽ അസമത്വമനുഭവിക്കുന്ന വർഗ്ഗക്കാരിൽ കുറേപേരെങ്കിലും ഓരോ ഡിപ്പാർട്ടുമെൻറിൽ നിയമിക്കപ്പെട്ട എന്നു വരുന്നതാണു്. അല്ലെങ്കിൽ അങ്ങിനെ സംഭവിച്ചു കൊള്ളുമെന്നു് ആശിക്കുവാനേയില്ലാ.

മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ അസമത്വം അനുഭവിക്കുന്ന സമുദായക്കാർ അധികമില്ല. റെവന്യൂഡിപ്പാർട്ടുമെൻറിലും അതുപോലെതന്നെ അവർ ദുർല്ലഭമാണു്. മറ്റു ഡിപ്പാർട്ടുമെൻറുകളുടെ കാര്യത്തിലും മറിച്ചല്ലല്ലോ. ഇങ്ങനേ ഓരോ ഡിപ്പാർട്ടുമെൻറിലും വരുന്ന ഒഴിവുകൾക്കുള്ള അപേക്ഷകന്മാരുടെ കൂട്ടത്തിൽ അസമത്വ സമുദായക്കാർ ഉണ്ടായിരുന്നാൽ അവർക്കു പ്രാഥമ്യം കൊടുക്കണം എന്നതിനു് ഇനി പ്രത്യേകന്യായം പറയുവാൻ ഞാൻ വിചാരിക്കുന്നില്ല. കത്തോലിക്കനു മുഖ്യം കൊടുക്കണമെന്നു നിർബന്ധമായി പറയുന്നില്ലാ. ഈ അ

LIBRARY ARCHIVES Kerala Legislative Assembly

സമതപ സമുദായങ്ങളിൽനിന്നു വരുന്ന അപേക്ഷകരെ നോക്കി ഏ തൊരു സമുദായത്തിനു് ജനസംഖ്യകണക്കിനേ ആസ്പദമാക്കി തീരെ കു റവായി സ്ഥാനം ലഭിച്ചിരിക്കുന്നു എന്നു കാണുന്നുവോ അവക്കു് അർഹത യുള്ളതു് കൊടുക്കണം. ആ ക്രട്ടത്തിൽ കത്തോലിക്കനാണു് ഏറ്റവും അർഹൻ എന്നു കാണുന്നു എങ്കിൽ ആ കത്തോലിക്കനെകൊടുക്കണം. ഇതിൽ ആക്ഷേപം പരിഭവത്തിനു് വകയില്ലല്ലോ. ഇപ്പോഴത്തെ ഈ രീതി യൊന്നും ഇല്ലാ എന്നു ക്രടി ഓക്കേണ്ടതാണു്. മറ്റുള്ളവരുടെ അവകാ ശങ്ങളെ വിഗണിച്ചുകൊണ്ടു് കത്തോലിക്കർക്കു സ്ഥാനം നൽകണമെന്നു കത്തോലിക്കർ ഒരിക്കലും ശഠിക്കുന്നതല്ലാ.

ഇതു് പോലെതന്നെ ഗ്രേഡ് കൊടുക്കുന്ന വിഷയത്തിലും ശ്രദ്ധി ക്കണം. പുതിയതായി വരുന്ന ആളുകൾക്കു് ഗ്രേഡ് കൊടുക്കുന്നകാര്യ ത്തിൽ കുറെ വിഷമമുണ്ടു്. എന്നാൽ ഇപ്പോഴത്തന്നെ ഒന്നാംഗ്രേഡി നു് അർഹതയുള്ളവരെ അവഗണിച്ചു് അവരുടെ താഴെയുള്ളവരെ മു കളിൽ കയറ്റി വിടുന്നുണ്ടു്. അതുകൊണ്ടു് ഗ്രേഡ് കൊടുക്കുന്നവിഷയ ത്തിലും അർഹതയുള്ള അസമതപ സമുദായക്കാർ വരുമ്പോൾ അവക്കു പ്രഥമാവകാശം നൽകണം.

അസമതപസമുദായക്കാർ എല്ലാ ഡിപ്പാർട്ടുമെൻറിലേക്കും എല്ലാ തരം പരീക്ഷായോഗ്യതയും സിദ്ധിച്ചുവരായി വരാൻ ഇടയാകാത്ത ഉ ദ്യോഗങ്ങൾക്കും ഒഴിവു വരാം. അങ്ങിനെയുള്ള സംഗതികളിൽ കാല സംഖ്യ നിർദ്ദേശിച്ചതുകൊണ്ടു് മറ്റുള്ളവക്കു പ്രതിബന്ധമില്ലാ. സാധാര ണ ഗതിക്കു് ഒരു തതപം അംഗീകരിക്കാതെയുള്ള നിയമനം കൊണ്ടു് അസമതപം പരിഹരിക്കപ്പെട്ടുകയൊ അസപസ്ഥത നീങ്ങുകയോ ചെയ്യു കയില്ലാ എന്നു സ്പഷ്ടമാകുന്നു.

മേൽ വിവരിക്കപ്പെട്ട സാഹചര്യങ്ങളാൽ ഈ പ്രമേയത്തിൽ അ ന്തർവഹിച്ചിരിക്കുന്ന തതപംഏറ്റവും പ്രധാനമായ ഒന്നാണു് എന്നാണു് എന്റെ അഭിപ്രായം. എന്റെ മാന്യസ്നേഹിതന്മാർ എല്ലാവരും മ ഹാമനസ്കതയോടുക്രടി ഈ പ്രമേയതതപത്തെ അംഗീകരിച്ചു് അതിന നയോജ്യമായ നിയന്ത്രണംകൊണ്ടു സമാധാനപ്രദമായ ഒരു അന്തരീ ക്ഷം ഈ രാജ്യത്തു് സ്രഷ്ടിക്കേണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

MR. K. MADHAVAN (*Nominated*): *സർ, മി. ക്രിയാക്കോസ് അവർകളുടെ പ്രസംഗം ഞാനും പലമായ്പ് പിൻതാങ്ങിച്ചൊല്ലുകിറേൻ. മി. ക്രിയാക്കോസ് കൂറിയതുപോൽ ഇത്താഴ്ത്തപ്പട്ടവർക്കു് കല്വിവിഷയമാകവും, ഉദ്യോഗവിഷയമാകവും, മറ്റു എല്ലാ കാരിയങ്ങളിലും പിന്നടൈത്ത നിലൈമയിലിരുക്കിറാർകൾ. ഇവർകൾ ഇന്ത രാജ്യത്തിലുള്ളവർകളുക്കു ഉണവളിക്ക മിക്കപ് പിരയാചപ്പടുകിറാർകൾ. ഇവർകൾ*

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Madhavan.]

இரவுமிபகலும் நிலைகளில், மழையையும், வெய்யிலையும், காற்றையும், தங்கள் தேகத்தையும், சுயநலங்களையும் கவனிக்காமல் பயிர்செய்து, இச சமஸ்தானவாசிகளுக்கு ஊடுபடுகிறார்களென்பது யாவரும் அறிந்த விஷயம். இப்படிப்பட்டவர்களுக்கு உத்தியோகங்கள் கொடுக்கவேண்டுவது சவர்மெண்டின் கடமை. சில கவர்மெண்டு உத்தியோகஸ்தர்கள் இந்த ஏழைகளுக்கு உதவிசெய்தனர்தான். ஸர், நான் டிப்ரஸ்ட்கிளாஸின் மெம்பர். இந்த ராஜ்யத்தில் எட்டு லக்ஷம் ஜனங்கள் ஜீவிக்கிறோம். ஏழைகளாகிய எங்களுக்கு கவர்மெண்டு சில நன்மைகள் செய்திருக்கிறது. அவைகளுக்காக கவர்மெண்டுக்கு நன்றியாயிருக்கிறோம். சம்பளமில்லாமல் எல்லாப்பள்ளிக்கூடங்களிலும் தாழ்த்தப்பட்டவர்களின் மாணவர்களை ஏற்றி படிப்பிக்க உத்திரவுண்டு. இவ்விதமாக்கவர்மெண்டு செய்தது பேருதவியே; என்றாலும் தரித்திரத்தாலும், கையில் பொருளுக்கு லேறு வழியில்லாததாலும் எல்லாக் கிளாஸுகளிலும் எங்கள் மாணவர்களின் தொகைமிகக் குறைந்ததாகவே காணப்படும். காரணம் —தரித்திரம் மூடிக்கொண்டிருக்கிறது. காலையில் அரை வயிற்றுக்கு ஆகாரம், மத்தியானம் ஆகாரமே கிடையாது, சாயங்காலமும் கிடைப்பதும் எளிய ஆகாரம். இந்தநிலைமையில் ஜீவித்துவரும் ஏழையாகிய தாழ்த்தப்பட்டவரின் மாணவர்கள் மற்றவகுப்பு மாணவர்களுக்கு சமமாகக் கற்று தேறுவார்களென்பது என்ன நியாயத்தில் சொல்லலாம், இவ்விதமாய் கற்று ஒன்று இரண்டுபேர் பரீக்ஷையில் தேறியிருக்கிறார்கள். அப்படி தேறியவர்கள் திண்டாடும் திண்டாட்டம் சொல்லவும் தகுமோ! இவ்விதமாகப்பரீக்ஷை ஜெயித்தவர்கள் ஜோலி இல்லாமல் திண்டாடுவதைப் பார்க்கும் மற்ற மாணவர்கள் படிப்பதை விட படியாமலிருப்பது நல்லது என்று நினைக்கக் காரணமாகிறது. ஓரோ டிபார்ட்டுமெண்டிலும் அபேக்ஷகர்கள் கொடுத்ததுண்டே. ஏழை மாணவர்களுக்கு கவர்ண்மெண்டிலிருந்து மடைக்கும் பதில் வேக்கன்ஸிவந்தால் ஜோலிதாராளம் கொடுக்கப்படும் என்பதாகக் கூறுகிறது. எப்பொழுது தான் வேக்கன்ஸி வருமோ அறியப்படவில்லை. எவ்வளவோ இந்த ராஜ்யத்திற்கு உதவியாய்க் காணப்படும் இந்த எட்டு லக்ஷம் ஜனங்கள் இந்நாட்டின் முன்னேற்றத்திற்காக வயல், காயல், நதி, இவைகளின் ஓரமாய் ஜீவித்து வருகிறார்கள். இந்த ராஜ்ஜியத்தின் எந்த பாகத்திலும் ரோடு வெட்டவோ, குளம் வெட்டவோ, கரை கட்டவோ, அல்லது கரை இடிக்கவோ, பட்டணங்களை சுத்தி செய்யவோ, இப்படிப்பட்ட வேலைகளை ராஜ்ஜியத்தின் பிரயோஜனத்திற்காக தங்கள் வாழ்நாட்களை கழிக்கிறார்கள்.

ஓரோ டிபார்ட்டுமெண்டிலும் தாழ்த்தப்பட்டவர்கள் எத்தனை பேர் உத்தியோகம் பண்ணுகிறார்கள் என்று இன்டர்பிலேஷன் கேட்டதில், இன்று D. P. W.-லிருந்து பதில் வந்தது. அதாவது அதில் 100-லிருந்து 104-வரையில் கவர்ன்மெண்டுக்குக் கொடுத்த அபேக்ஷைகள் 24. இதில் 4-வருஷமாய் கொடுத்த உத்தியோகம் 4-பேருக்கே. என்ன உத்தியோகமோ, அவர்கள் அவைகளில் இருக்கிறார்களா என்பது தெரியாது.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ரெவெனியூ டிபார்ட்மெண்டை எடுத்துக்கொள்வோம். எவ்வளவோ உபயோகமுள்ள இந்த ஏழை ஜனங்களில், ஆயிரத்துக்கு அதிகமான பீயுன்ஸ் உள்ள இந்த ரெவெனியூ டிபார்ட்மெண்டில் ஒரு தாழ்த்தப்பட்ட வகுப்பைச் சேர்ந்த பீயுனுண்டா? பார்வத்திக்காருண்டா? கச்சேரிகளில் இந்தப் பேப்பரை அங்கேயும், அந்தப் பேப்பரை இங்கேயும் எடுத்துக்கொடுக்கத் திராணியுள்ள ஒரு பியுனுண்டா? இந்தச் சபையில், கண்ணியமும் பொருந்திய எக்ஸைஸ் கமிஷனருக்கு நன்றி சொல்லுகிறேன். அவர் தாழ்த்தப்பட்டவர்களில் சிலரை எக்ஸைஸ் பியுனாக எடுத்தார்களே! எந்த டிபார்ட்டுமெண்டிலாவது தாழ்த்தப்பட்டவர்களுர், மெம்பர்களும் போய் உதவிகேட்டால், தாழ்த்தப்பட்டவர்களின் வார்த்தை தாழ்ந்தேபோகிறதே. என்ன செய்வது. எங்கள் பரிதாப நிலைமை இவ்விதமாயிருக்கிறதே. ஒரு பியுன் மாத்திரம் சங்கனாசேரிப குதிக்கச்சேரியில் இருப்பானுனல் தற்காலத்தில்சங்கனாசேரித்தாலுக்கா, சங்கனாசேரிபகுதி, 284 ம் நம்பர், 3 ஏக்கர் 62 ஸெண்ட் ஸ்தலம் 9 வருஷமாய் அனுபவித்தும் பாவங்கள்பேரில் கேஸெடுத்தும், பூமி பதித்துக் கொடுக்கப்போகும்போது தந்திரமாக பணங்கட்ட நோட்டீஸ் கொடுத்தும், பணங்கட்டாததினல் வேறாருவனுக்குப் பதித்துக்கொடுக்கக் காரணமாகுமா? எப்படியும் இந்தப் பகுதியில் ஒரு பீயுன், தாழ்த்தப்பட்டவர்களில் இருப்பானுனல் இந்தத் தந்திரம் நடக்குமா?

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): The Tahsildars of Kalkulam and Vilavankod appointed on two occasions two peons belonging to the depressed classes. After working for a few days they went away not liking the pay and saying that they would get bettter pay in agriculture. Is the member aware of that?

PRESIDENT: He said that two peons were appointed and they left the place not satisfied with the pay.

MR. K. MADHAVAN (*Nominated*): தாழ்த்தப்பட்டவர்களுக்கு உத்தியோகங்கள் கொடுக்கவேண்டுமென்று கவர்மெண்டு ஆர்டரே இருக்கின்றது. ஏதாவது உத்தியோகஸ்தர் லீவு எடுக்கும் தருணம் வருமானல் உத்தியோகம்பண்ணுகிறவர்கள் அவர்கள் இனத்தாரையும் குடும்பத்தாரையும் தங்கள்ஸ்தானங்களில் வைத்துவிட்டுத்தான் லீவு எடுக்கிறார்கள். இந்த ஏற்பாடானது தாழ்த்தப்பட்டவர்களாகிய ஏழைகளுக்கு ஒத்துவராது. நாக்கள் திருவிதாங்கூரில் எட்டுலக்ஷம் ஜனங்கள் உண்டு. நியாயமாய் திருவிதாங்கூரில் உண்டான உத்தியோகம் முதலிய சகல அவகாசங்களிலும் எங்களுக்கு ஐந்தில் ஒன்றுண்டு. அவ்விதம் உண்டா என்று சொப்பனத்திலும் நினைக்கவேண்டாம். 100-க்கு பத்து பேரையாவது ஒரே டிபார்ட்டுமெண்டில் நியமிக்கவேண்டாமா?

இந்த எடியுக்கேஷன் டிபார்ட்மெண்டில் ஏன் இவர்களுக்கு உத்தியோகம் கொடுக்கக்கூடாது. இவர்களுடைய அபேக்ஷையையும் கவனித்து இவர்களுக்கும் ஏதாவது உத்தியோகங்கள் கொடுக்கவேண்டுமென்று கேட்டுக்கொள்ளுகிறேன். இந்த ஏழை ஜனங்களுக்காக வேக்கன்ஸி வரவில்லையா? இந்த ஜனங்கள் மற்றவர்களைப்போல் படிக்காததிற்கு காரணம் தரித்திரமே. அவர்களுக்குப் பள்ளிக்கூடம் போகமுடியாது. புஸ்தகங்கள் வாங்க பணமில்லை. பள்ளிக்கூடங்களுக்குச் செ

[Mr. K. Madhavan.]

ன்ரல் மந்திரியானத்திற்கு ஆகாமில்லை. இந்த நிலைமையில் ஏழைட்டு க்ளாஸ் படித்து பாஸான வர்களுக்கும் உத்தியோகம் கொடுக்கப்படவில் லை என்று சங்கடத்தோடு தெரிவிக்கிறேன். இந்த ஏழை ஜனங்களின் அபேக்ஷகளை கவர்மெண்டு கவனித்து ஒத்தாசை செய்யாவிட்டால் எவ்விதம் பாவங்கள் முன்னுக்குவரக்கூடும். இவ்விதம் கவனிக்காவிட் டால்கவர்மெணடே இந்த ஏழைஜனங்களை பிரத்தியேகம் முன்னேற்றமி ல்லாத நிலைமையில் பிரித்து வைத்ததுபோல் இருக்கும்.

நாகர்கோவில் டிவிஷன் ஆபீஸில் தாழ்த்தப்பட்டவரில் ஒருவனுக்கு ஆக்டிங்க்வேலை ஒன்று கிடைத்தது. மூன்று மாதங்கள் ஆனபிறகு அ வனைப் பிரித்து அனுப்பிவிட்டார்கள். சில தினங்களுக்குப் பின் தாழ் த்தப்பட்டவனை விட குறைந்த படிப்புள்ள ஒருவனை அதே உத்தியோக த்தில் நியமிக்கப்பட்டிருக்கிறது. இவ்விதநிலைமையில் கவர்மெண்டுக்கும் தாழ்த்தப்பட்டவர்களுக்குமுள்ள உத்தியோகசம்பந்தம் எப்படியும் நி யாயமும் உத்திரவாதமும் பொருந்திய கவர்மெண்டு சகல வழிகளிலும் கவனித்து தாழ்த்தப்பட்டவர்களுக்கு உத்தியோகம் கொடுத்து உதவி புரியவேண்டுமென்று தாழ்மையாய் கேட்டுக்கொண்டு, என் அபிப்பிரா யத்தை முடித்துக்கொள்ளுகிறேன்.

MR. D. FRANCIS (*Nominated*) : Sir, I rise to support the resolution. The appointments given by the Government to the backward communities are not sufficient when we compare the strength of their population with that of others. The Roman Catholic Christians have not been sufficiently entertained in the Government Service. Their population is three and a half lakhs, or one third of the total population of Christians in Travancore and 1/12 of the population of our country. The number of appointments given to this community is very inadequate and insignificant, considering the appointments given to the members of minor communities. Therefore, it is the duty of the Government to give them preference and special encouragement in the matter of appointments in Government Service and give them a lift to raise them to the position of other Christian and non-Christian communities. Their claims have been sadly overlooked in the past. With these few words I strongly support the resolution brought forward by Mr. Kuriakose.

MR. P. S. MAHOMED (*Nominated*) : സർ, പബ്ലിക്ക സർവീസിൽ അസമത്വം അനുഭവിക്കുന്ന സമുദായങ്ങൾക്ക പ്രാധാന്യം കൊടുക്കണ മെന്നുള്ള എന്റെ സ്നേഹിതന്റെ പ്രമേയത്തെ ഞാൻ ബലമായി പി ൻതാങ്ങുന്നു. താരതമ്യേന അസമത്വം അനുഭവിക്കുന്ന സമുദായങ്ങൾ ക്ക ഉദ്യോഗം നൽകണമെന്നുള്ളത് എവരും സമ്മതിക്കുന്നതാണ്. ഗ വണ്മെൻറ് പൊതുവെ അസമത്വസമുദായങ്ങളുടെ സങ്കടത്തെ ഏറെ ക്കുറെ മനസ്സിലാക്കീട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. അതിനു പ രിഹാരം വരുത്തേണ്ടതു അത്യാവശ്യമാണ്. താരതമ്യേന അസമത്വ

LIBRARY ARCHIVES, Kerala Legislative Assembly

സമുദായങ്ങളെ സംബന്ധിച്ചിടത്തോളം എല്ലാ ഡിപ്പാർട്ടുമെൻറിലും ഒരു തോതു് സ്വീകരിക്കണം. അല്ലാതെ ഒരു ഡിപ്പാർട്ടുമെൻറിൽ നിയമിക്കുന്നതു ഒരുവിധവും മറൊരു ഡിപ്പാർട്ടുമെൻറിൽ അസമത്വസമുദായത്തിൻെറ അവകാശം വരുമ്പോൾ, മറൊരുവിധത്തിലും പ്രവത്തിക്കരുതു്. റവന്യൂഡിപ്പാർട്ടുമെൻറിൽ ഒരു മഹമ്മദനും ഇല്ല. അവിടെ മറുള്ളവരുടെ സീനിയാറിട്ടി കഴിഞ്ഞിട്ടു് ഒരു മഹമ്മദനു കൊടുക്കാൻ സൌകയ്യമില്ല. ഒരു മഹമ്മദൻെറ സീനിയാറിട്ടി കളഞ്ഞു മറൊരുത്തനു കൊടുക്കാൻപാടില്ല.

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): Sir, does the member know that at Vilavankod they tried to get some Mahomedans as peons but most of them said that they would get more money in commerce. I have got one graduate Mahomedan Clerk in my office. Is the member aware of that?

MR. P. S. MAHOMED (*Nominated*): പ്യൂണായിട്ടും ക്ലാക്കായിട്ടും ഇല്ലെന്നല്ല ഞാൻ പറഞ്ഞതു്. പ്യൂണായിട്ടു നിയമിക്കയാണെങ്കിൽ കമ്മീഷണർ പറഞ്ഞപ്രകാരം ചിലപ്പോൾ അവർ കളഞ്ഞേച്ചുപോയി എന്നുവന്നേയ്ക്കാം.

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): Does the member know that I have got three Mahomedan clerks in my Office?

MR. P. S. MAHOMED (*Nominated*): മഹമ്മദൻക്ലാക്കുണ്ടായിരിക്കാം. പാവ്ത്യകാരന്മാരായിട്ടു എത്രപേർ ഉണ്ടെന്നറിഞ്ഞാൽകൊള്ളാം.

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): We have got some Acountants who are rising to Proverticars. They have not put in sufficient service.

MR. P. S. MAHOMED (*Nominated*): തഹശീൽദാരന്മാരുടെ കൂട്ടത്തിൽ ആരും കാണുകയില്ല.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): പ്യോൺമാരുണ്ടോ?

MR. P. S. MAHOMED (*Nominated*): അതു് അതിനുമുകളിലുള്ളസ്ഥാനമാണല്ലോ. ആയതുകൊണ്ടു് ഈ സംഗതിയിൽ അസമത്വം അനുഭവിക്കുന്ന സമുദായങ്ങളുടെ കാര്യത്തിൽ ഒരു വ്യവസ്ഥിതമായ നയം സ്വീകരിക്കണം എന്നും വർഗ്ഗങ്ങൾ തമ്മിൽ മത്സരം ഉണ്ടാകാത്ത നിലയിൽ പ്രവത്തിക്കണമെന്നും ഉള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ ബലമായി പിൻതാങ്ങിക്കൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. A. THANU PILLAI (*Trivandrum*): Sir, I beg to move an amendment to this resolution; "that the candidates be selected in accordance with the recommendations of a representative committee consisting of members to be elected by the Legislative Council."

MR. P. S. MAHOMED (*Nominated*): ഇപ്പോഴിവിടെ ഇരിക്കുന്ന പ്രമേയം അസമത്വ സമുദായങ്ങൾക്കു ഉദ്യോഗങ്ങൾ നൽകുന്നതിൽ പ്രാധാന്യം നൽകണമെന്നും ഒഴിവുകളെ സംബന്ധിച്ചു മുൻകൂട്ടി പരസ്യം ചെയ്യണമെന്നും ഉള്ളതിനെപ്പറ്റിയാണു്. എന്നാൽ ഈ ഭേദഗതി ഇതിനെ രണ്ടിനേയും നിഷേധിച്ചു് ഒരു പ്രത്യേക പ്രമേയം എന്നനിലയിൽ ഉദ്യോഗനിയമനത്തിനു വേണ്ടി ഒരു പ്രത്യേകഏജൻസിയെ സൃഷ്ടിക്കണം എന്നാണു്. അതു് Standing order 24 നു വിപരീതമാണെന്നാണു് എന്റെ അഭിപ്രായം.

PRESIDENT: As it is past five o'clock I do not think it necessary to go into the point of order, because the House has now to stand adjourned *sine die*. The House will now rise and the non official members will kindly meet under the presidency of the learned Deputy President as I have already intimated for electing four members to the Central Board.

The Council adjourned at 5-5 P. M.

T. P. RAMASUBBA AIYAR
Secretary to the Legislative Council.

LIBRARY ARCHIVES Kerala Legislative Assembly